കേരള സർക്കാർ

നം. എഫ്.എം.1/233/2021/തസ്വഭവ

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
തിരുവനന്തപുരം, തീയതി: 11.10.2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- നികുതി ചുമത്താവുന്ന സേവനങ്ങൾ നൽകുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിലവിലുള്ള നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യുന്നതും സമയബന്ധിതമായി നികുതി അടവാക്കുന്നതും - സംബന്ധിച്ച്

സൂചന :- സി&. എ.ജി. (ജി&. എസ്.എസ്.എ) യുടെ 2019 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 2.8 ലെ പരാമർശം

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങൾ സേവനനികുതി ചട്ടങ്ങൾ പ്രകാരം കൃത്യമായി രജിസ്റ്റർ ചെയ്യാത്തതിനാലും, വാടകക്കാർ / പരസ്യം ചെയ്യുന്നവർ, മറ്റു നികുതി ചുമത്താവുന്ന സേവനങ്ങൾ തുടങ്ങിയവയ്ക്കു സേവനനികുതി ഈടാക്കി അതു കൃത്യമായി കേന്ദ്ര എക്സൈസ് വകുപ്പിന് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാലും നഷ്ടം സംഭവിച്ചിട്ടുള്ളതായി സൂചന പ്രകാരം ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിലവിലുള്ള സേവനനികുതി നിയമങ്ങൾ/ ചട്ടങ്ങൾ പ്രകാരം സമയബന്ധിതമായി രജിസ്റ്റർ ചെയ്യേണ്ടതും നിയമപ്രകാരം നികുതി ചുമത്താവുന്ന എല്ലാ സേവനങ്ങൾക്കും കൃത്യമായി നികുതി പിരിച്ച് അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ശാരദ മുരളീധരൻ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എൽ.ബി.എ.&.എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ